# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.T. 6347 08.11.2016-ന് മറുപടിക്ക്**

## ജൈവ വൈവിദ്ധ്യ രജിസ്റ്റർ

**ചോദ്യം**

ശ്രീ. എൻ .എ.നെല്ലിക്കുന്ന്
ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്
ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ. പാറക്കൽ അബ്ദുല്ല

(എ) ജൈവ വൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിന് നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച വിശദവിവരം നല്കാമോ;

**മറുപടി**

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) 2002-ലെ ജൈവവൈവിധ്യ ആക്ട്, വകുപ്പ് 41, കേന്ദ്ര ജൈവവൈവിധ്യ ചട്ടങ്ങൾ 2004, ചട്ടം 22(6), കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008, ചട്ടം 20(7) എന്നിവ പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നിയമാനുസൃതം രൂപീകരിച്ചിട്ടുള്ള ജൈവവൈവിധ്യ പരിപാലന സമിതികളുടെ (ബി.എം.സി) മേൽനോട്ടത്തിൽ, സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ സാങ്കേതിക സഹായത്തോടെ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നത് ഒരു നിർബന്ധിത പദ്ധതിയാക്കുകയും അത് തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ

പ്ലാൻ ഫണ്ടിൽ നിന്നോ തനതു ഫണ്ടിൽ നിന്നോ നിശ്ചിത തുക വകയിരുത്തുന്നതിനുള്ള അനുമതി തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നൽകിയിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ആകെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുള്ളതിൽ 854 ജൈവവൈവിധ്യ രജിസ്റ്ററുകൾ (ഏകദേശം 83%) ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ 815 ഗ്രാമ പഞ്ചായത്തുകളും 37 മുനിസിപ്പാലിറ്റികളും രണ്ട് കോർപ്പറേഷനുകളും ഉൾപ്പെടുന്നു. 41 ഗ്രാമ പഞ്ചായത്തുകളിലും 11 മുനിസിപ്പാലിറ്റികളിലും ഒരു കോർപ്പറേഷനിലും (ആകെ 53) ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. അവശേഷിക്കുന്ന 85 ഗ്രാമ പഞ്ചായത്തുകളിലും 39 മുനിസിപ്പാലിറ്റികളിലും 3 കോർപ്പറേഷനുകളിലും (ആകെ 127) ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

(സി) ഇതുപ്രകാരം ശേഖരിക്കുന്ന വിവരങ്ങൾ ഏതൊക്കെ രീതിയിൽ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(സി) ജൈവവൈവിധ്യ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ അടിസ്ഥാനമാക്കി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രാദേശിക തലത്തിൽ ജൈവവൈവിധ്യ സംരക്ഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്. ജൈവവൈവിധ്യ രജിസ്റ്ററിനെ ഒരു ബഞ്ചുമാർക്കായി പരിഗണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ വികസന പ്രവർത്തനങ്ങൾ ആസൂത്രണം

ചെയ്യാവുന്നതാണ്. പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള പരമ്പരാഗത അറിവുകളെ ക്രോഡീകരിച്ച്, അവയുടെ സംരക്ഷണം ഉറപ്പാക്കുന്നതാണ്. ശേഖരിക്കുന്ന വിവരങ്ങളിൽ നിന്നും ജൈവവൈവിധ്യ പ്രാധാന്യവും സംരക്ഷണവും ആവശ്യമുള്ളതുമായ സ്ഥലങ്ങളെ ബയോഡൈവേഴ്സിറ്റി ഹെറിറ്റേജ് സൈറ്റാക്കു-ന്നതിന് തെരഞ്ഞെടുക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണ മേഖലയിലെ ജൈവവൈവിധ്യ സംരക്ഷണം എന്ന നിയമപരമായ ബാധ്യത നടപ്പിൽ വരുത്തുവാൻ ജൈവവൈവിധ്യ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള ആവാസ ജൈവവൈവിധ്യങ്ങളെ സംരക്ഷിക്കേണ്ട ഉദ്യമത്തിനാണ് ഇത്.

**സെക്ഷൻ ഓഫീസർ**